(ബി) ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ താലൂക്ക്, കമ്മ്യൂണിറ്റി ആശുപത്രികളായി ഉയർത്തിയിട്ടുണ്ടോ; പ്രസ്തുത ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ;

(സി) നഴ്സുമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര നിയമനങ്ങളാണ് പ്രസ്തുത ലിസ്റ്റുകളിൽ നിന്നും നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാഞ്ഞങ്ങാട്

| | | |
|---|---|---|
| സ്റ്റാഫ് നഴ്സ് ഗ്രേഡ് I | - | 12 ഒഴിവുകൾ |
| സ്റ്റാഫ് നഴ്സ് ഗ്രേഡ് II | - | ഒഴിവുകൾ ഇല്ല |

കാസർഗോഡ്

| | | |
|---|---|---|
| സ്റ്റാഫ് നഴ്സ് ഗ്രേഡ് I | - | 24 ഒഴിവുകൾ |
| സ്റ്റാഫ് നഴ്സ് ഗ്രേഡ് II | - | ഒഴിവുകൾ ഇല്ല |

(ബി) ജില്ലയിലെ ചെറുവത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെയും, പെരിയ ബന്തടുക്ക, മൂളിയാർ, മംഗൽപാടി എന്നീ ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ താലൂക്കാശുപത്രിയായി ഉയർത്തിയിട്ടില്ല. സാമൂഹികാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) നിലവിലുണ്ട്. 66 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

**മെഡിക്കൽ സീറ്റുകളുടെ വർദ്ധനവ്**

80(769) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര എം.ബി.ബി.എസ്. സീറ്റുകളാണ് ഓരോ വർഷവും വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ എത്ര മെഡിക്കൽ സീറ്റുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2013-ൽ 100-ഉം 2014-ൽ 150-ഉം എം.ബി.ബി.എസ്. സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) 2300 മെഡിക്കൽ സീറ്റുകളാണ് സ്വാശ്രയ മേഖലയിലുള്ളത്.

**കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ ഡെന്റൽ കോളേജ്**

81 (770) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ ഡെന്റൽ കോളേജിൽ അനുവദിച്ചിട്ടുള്ള അദ്ധ്യാപക തസ്തികയുടെ കാറ്റഗറി തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ആവശ്യത്തിന് അദ്ധ്യാപകർ ഇല്ലാത്തതുമൂലം പാഠ്യഭാഗങ്ങൾ സമയത്ത് പഠിപ്പിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും അദ്ധ്യാപകരെ നിയമിക്കുവാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ)

| | കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് | കോഴിക്കോട് ഗവ. ഡെന്റൽ കോളേജ് |
|---|---|---|
| പ്രൊഫസർ | 59 | 9 |
| അസോസിയേറ്റ് പ്രൊഫസർ | 68 | 7 |
| അസിസ്റ്റന്റ് പ്രൊഫസർ | 279 | 34 |
| ലക്ചറർ | 74 | 2 |
| ട്യൂട്ടർ ടെക്നീഷ്യൻ | 3 | - |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അദ്ധ്യാപക തസ്തികകളിൽ ഒഴിവുവരുന്ന മുറയ്ക്ക് അവ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly